**കേരള സർക്കാർ**
**ധനകാര്യ (പെൻഷൻ-ബി) വകുപ്പ്**

# <u>പരിപത്രം</u>

**നം.46/2021/ധന** **തിരുവനന്തപുരം, തീയതി, 16/06/2021**

വിഷയം:- ബോർഡ്, കോർപ്പറേഷൻ, ബാങ്ക് മുതലായ സ്ഥാപനങ്ങളുടെ പെൻഷനും സംസ്ഥാന പെൻഷനും വാങ്ങുന്നവർക്ക് [രണ്ട് പെൻഷൻ] സ്പെഷ്യൽ കെയർ അലവൻസ്/മെഡിക്കൽ അലവൻസ് /ഉത്സവ ബത്ത [Festival allowance] എന്നിവ അനുവദിക്കുന്നത് - **സംബന്ധിച്ച്.**

സൂചന:– **25/03/2021** തീയതിയിലെ **TRY/1230/2021-P2** നമ്പർ കത്ത്.

ഒന്നിലധികം സംസ്ഥാന സർവീസ് പെൻഷനും കുടുംബ പെൻഷനും ഒരുമിച്ച് കൈപ്പറ്റുന്നവർക്ക് ഒരു പെൻഷനിൽ മാത്രമേ മെഡിക്കൽ അലവൻസ് നൽകാൻ പാടുള്ളൂ എന്ന് പെൻഷൻ പരിഷ്കരണ ഉത്തരവുകളിൽ പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര പെൻഷനും സംസ്ഥാന പെൻഷനും വാങ്ങുന്നവർക്കും ഇത് ബാധകമാണെന്നും രണ്ട് പെൻഷനുകൾ വാങ്ങുന്നവർക്ക് അവർ തെരഞ്ഞെടുക്കുന്ന ഒരു പെൻഷനിൽ മാത്രമേ മെഡിക്കൽ അലവൻസ് നൽകാവൂ എന്നും അക്കൗണ്ടന്റ് ജനറൽ അറിയിച്ചിട്ടുണ്ട്.

2) എന്നാൽ രണ്ട് പെൻഷനുകൾ (ബോർഡ്, കോർപ്പറേഷൻ, ബാങ്ക് മുതലായ സ്ഥാപനങ്ങളുടെ പെൻഷനും സംസ്ഥാന പെൻഷനും) വാങ്ങുന്നവർക്ക് മെഡിക്കൽ അലവൻസ്, പെൻഷൻ പരിഷ്കരണ ഉത്തരവ് പ്രകാരം **80** വയസ്സായവർക്ക് അനുവദിച്ച 'സ്പെഷ്യൽ കെയർ അലവൻസ്' എന്നിവ സംസ്ഥാന പെൻഷനോടൊപ്പം നൽകാമോ എന്ന വിഷയത്തിന്മേൽ വ്യക്തത സൂചന കത്ത് മുഖേന ട്രഷറി ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സ്പെഷ്യൽ കെയർ അലവൻസ്/മെഡിക്കൽ അലവൻസ്/ഉത്സവ ബത്ത [Festival allowance] എന്നിവ അനുവദിക്കുന്നതിന് ചുവടെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ **ഉൾക്കൊള്ളിച്ച് പരിപത്രം പുറപ്പെടുവിക്കുന്നു.**

4) പ്രസ്തുത നിർദ്ദേശങ്ങളിൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ, സംസ്ഥാന വിവരാവകാശ കമ്മീഷൻ, ലോകായുക്ത, സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ എന്നീ സ്ഥാപനങ്ങളിലെയും സമാനമായ സ്ഥാപനങ്ങളിലെയും സേവനത്തിന് നൽകുന്ന പെൻഷനെ സ്പെഷ്യൽ കാറ്റഗറി പെൻഷൻ എന്ന വിഭാഗത്തിൽ കണക്കാക്കാവുന്നതാണ്. ഇവ സംസ്ഥാന സർവീസ് പെൻഷൻ/ഫാമിലി പെൻഷൻ എന്നിവയിൽ നിന്നും വ്യത്യസ്തമാണ്.

a. സംസ്ഥാന സർവീസ് പെൻഷനും കുടുംബ പെൻഷനും ഒരുമിച്ച് കൈപ്പറ്റുന്നവർക്ക് സർവീസ് പെൻഷന് മാത്രം മുകളിൽ സൂചിപ്പിച്ച അലവൻസുകൾ അനുവദിക്കേണ്ടതാണ്.

b. സംസ്ഥാന സർവീസ് പെൻഷൻ/സംസ്ഥാന സർവീസ് കുടുംബ പെൻഷൻ എന്നിവയോടൊപ്പം ഒന്നോ ഒന്നിലധികമോ സ്പെഷ്യൽ കാറ്റഗറി സർവീസ് പെൻഷനോ, സ്പെഷ്യൽ കാറ്റഗറി കുടുംബ പെൻഷനോ, ബോർഡ്, കോർപ്പറേഷൻ, അതോറിറ്റി, സർവകലാശാലകൾ മുതലായ സ്ഥാപനങ്ങളിൽ നിന്നും സർവീസ് പെൻഷനോ കുടുംബ പെൻഷനോ കൈപ്പറ്റുന്നവർക്ക് സംസ്ഥാന സർവീസ് പെൻഷനിൽ നിന്ന് അല്ലെങ്കിൽ സംസ്ഥാന സർവീസ് കുടുംബ പെൻഷനിൽ നിന്നും മാത്രം മുകളിൽ സൂചിപ്പിച്ച അലവൻസുകൾ അനുവദിക്കേണ്ടതാണ്.

c. ഒന്നോ ഒന്നിലധികമോ സ്പെഷ്യൽ കാറ്റഗറി സർവീസ് പെൻഷനും സ്പെഷ്യൽ കാറ്റഗറി കുടുംബ പെൻഷനും കൈപ്പറ്റുന്നവർക്ക് ഒരു സ്പെഷ്യൽ കാറ്റഗറി സർവീസ് പെൻഷന് മാത്രം മുകളിൽ സൂചിപ്പിച്ച അലവൻസുകൾ അനുവദിക്കേണ്ടതാണ്.

d. ഒന്നോ ഒന്നിലധികമോ സ്പെഷ്യൽ കാറ്റഗറി സർവീസ് പെൻഷനോ, സ്പെഷ്യൽ കാറ്റഗറി കുടുംബ പെൻഷനോ എന്നിവയോടൊപ്പം ബോർഡ്, കോർപ്പറേഷൻ, അതോറിറ്റി, സർവകലാശാലകൾ മുതലായ സ്ഥാപനങ്ങളിൽ നിന്നും സർവീസ് പെൻഷനോ കുടുംബ പെൻഷനോ കൈപ്പറ്റുന്നവർക്ക് സ്പെഷ്യൽ കാറ്റഗറി സർവീസ് പെൻഷനിൽ നിന്ന് അല്ലെങ്കിൽ സ്പെഷ്യൽ കാറ്റഗറി കുടുംബ പെൻഷനിൽ നിന്നും മാത്രം മുകളിൽ സൂചിപ്പിച്ച അലവൻസുകൾ അനുവദിക്കേണ്ടതാണ്.

e. ബോർഡ്, കോർപ്പറേഷൻ, അതോറിറ്റി, സർവകലാശാലകൾ മുതലായ സ്ഥാപനങ്ങളിൽ നിന്നും സർവീസ് പെൻഷനും കുടുംബ പെൻഷനും ഒരുമിച്ച് കൈപ്പറ്റുന്നവർക്ക് ഏതെങ്കിലും ഒരു സ്ഥാപനത്തിലെ സർവീസ് പെൻഷന് മാത്രം മുകളിൽ സൂചിപ്പിച്ച അലവൻസുകൾ അനുവദിക്കേണ്ടതാണ്.

f. ബോർഡ്, കോർപ്പറേഷൻ, അതോറിറ്റി, സർവകലാശാലകൾ മുതലായ സ്ഥാപനങ്ങളിൽ നിന്നും ഒന്നിലധികം കുടുംബ പെൻഷൻ കൈപ്പറ്റുന്നവർക്ക് ഏതെങ്കിലും ഒരു സ്ഥാപനത്തിലെ കുടുംബ പെൻഷന് മാത്രം മുകളിൽ സൂചിപ്പിച്ച അലവൻസുകൾ അനുവദിക്കേണ്ടതാണ്.

മേൽ വിഭാഗത്തിൽപെട്ട പെൻഷൻകാർ ഒന്നിലധികം സ്പെഷ്യൽ കെയർ അലവൻസ്/മെഡിക്കൽ അലവൻസ്/ഉത്സവ ബത്ത [Festival allowance] എന്നിവ കൈപ്പറ്റുന്നില്ല എന്ന് പെൻഷൻ ഡിസ്ബേഴ്സിംഗ് അതോറിറ്റി ഉറപ്പ് വരുത്തേണ്ടതാണ്.

5) കുടുംബ പെൻഷൻ ഒന്നിലധികം വ്യക്തികൾ പങ്കിടുന്ന സാഹചര്യത്തിൽ,

a. സ്പെഷ്യൽ കെയർ അലവൻസ് തുല്യമായി ഭാഗിക്കേണ്ടതും **19/03/2021** തീയതിയിലെ **27/2021/ധന** നമ്പർ സർക്കുലർ പ്രകാരം അർഹരായ വ്യക്തികൾക്ക് മാത്രം അവരുടെ ഭാഗം അനുവദിക്കേണ്ടതുമാണ്.

b. മെഡിക്കൽ അലവൻസ്/ഉത്സവ ബത്ത **[Festival allowance]** എന്നിവ തുല്യമായി ഭാഗിക്കേണ്ടതും, വ്യക്തികൾക്ക് അവരുടെ ഭാഗം അനുവദിക്കേണ്ടതുമാണ്.

6) കുടുംബ പെൻഷൻ ലഭിച്ച് കൊണ്ടിരിക്കുന്ന വ്യക്തി നിലവിൽ സർക്കാർ സേവനം അനുഷ്ഠിക്കുകയാണെങ്കിൽ, സേവന കാലഘട്ടത്തിൽ ടിയാന്/ടിയാരിക്ക് മേൽ സൂചിപ്പിച്ച അലവൻസുകൾക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല.

7) വിരമിച്ച പാർട്ട് ടൈം അദ്ധ്യാപകർ, പെൻഷൻ സ്റ്റാറ്റ്യൂട്ട് അദ്ധ്യായം **III** / കേരള എഡ്യൂക്കേഷൻ റൂൾസ് അദ്ധ്യായം **XIV B** എന്നിവയുടെ കീഴിൽ വരുന്ന എയ്ഡഡ് കോളേജുകളിലെയും / എയ്ഡഡ് സ്കൂളുകളിലെയും അദ്ധ്യാപകർ / അനദ്ധ്യാപകർ എന്നിവർ ഉൾപ്പെടെയുള്ള എല്ലാ സ്റ്റേറ്റ് സർവീസ് പെൻഷണർമാർ / കുടുംബ പെൻഷണർമാർ / പാർട്ട് ടൈം പെൻഷണർമാർ / പാർട്ട് ടൈം കുടുംബ പെൻഷണർമാർ / എക്സ്ഗ്രേഷ്യ പെൻഷണർമാർ / എക്സ്ഗ്രേഷ്യ കുടുംബ പെൻഷണർമാർ, മുഖ്യമന്ത്രി / മറ്റ് മന്ത്രിമാർ / പ്രതിപക്ഷ നേതാവ് / സർക്കാർ ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫിലേക്ക് നേരിട്ട് നിയമനം ലഭിച്ചവർ എന്നിവർക്ക് സ്പെഷ്യൽ കെയർ അലവൻസിന് അർഹതയുണ്ട്. പുനർനിയമനത്തിൽ ഉള്ള പെൻഷണർമാർ , **AICTE / UGC / MES** എന്നീ വിഭാഗങ്ങളിൽ വരുന്ന പെൻഷണർമാർ, കേരള പബ്ലിക് സർവീസ് കമ്മീഷൻ / സംസ്ഥാന വിവരാവകാശ കമ്മീഷൻ / ലോകായുക്ത/ സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ എന്നീ സ്ഥാപനങ്ങളിലേയും സമാനമായ സ്ഥാപനങ്ങളിലേയും സേവനത്തിന് നൽകുന്ന സ്പെഷ്യൽ കാറ്റഗറി പെൻഷൻ എന്നിവയ്ക്ക് സ്പെഷ്യൽ കെയർ അലവൻസിന് **അർഹതയുണ്ടായിരിക്കുന്നതല്ല.**

8) എക്സ്ഗ്രേഷ്യ പെൻഷണർമാർ / എക്സ്ഗ്രേഷ്യ കുടുംബ പെൻഷണർമാർ എന്നിവർക്ക് മെഡിക്കൽ അലവൻസിന് **അർഹതയുണ്ടായിരിക്കുന്നതല്ല.**

**എ. ഷിബു**
അഡീഷണൽ സെക്രട്ടറി (ധനകാര്യം)

പകർപ്പ്:-
(1) അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
(2) അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്- II), കേരള, തിരുവനന്തപുരം.
(3) ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
(4) ജില്ലാ ട്രഷറികൾ, സബ് ട്രഷറികൾ
(5) സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റർ, പ്രിസം(info.fin@kerala.gov.in)
(6) നോഡൽ ഓഫീസർ, www.finance.kerala.gov.in
(7) ഓഫീസ് പകർപ്പ്/സൂക്ഷിപ്പ് ഫയൽ [ഫയൽ നം. പെൻ-ബി 1/14/2021-ധന (ഇ-1762881)]

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ